**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 998** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ സംരക്ഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ന്യൂനപക്ഷ ജനവിഭാഗങ്ങളെ ആക്ഷേപിക്കാനും അവരുടെ ഭരണഘടനാപരമായ പ്രാധാന്യം നിഷേധിക്കാനും സമൂഹത്തിൽ തെറ്റായ നീക്കങ്ങൾ നടക്കുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ സംരക്ഷണം ഉറപ്പാക്കാൻ മൊത്തം ഭരണ സംവിധാനത്തിൽ ബോധവത്കരണം നടത്തുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി ന്യൂനപക്ഷ ശാക്തീകരണത്തിനുമായി എല്ലാ വർഷവും സംസ്ഥാനതലത്തിൽ ന്യൂനപക്ഷ അവകാശ ദിനാചരണം നടത്തി വരുന്നു. 2025-26വർഷത്തിൽ 'എന്റെ കേരളം' , 'വിഷൻ 2031' തുടങ്ങിയവയുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**(സി)** ന്യൂനപക്ഷങ്ങളുടെ ചരിത്രപരമായ പ്രാധാന്യം പാഠപുസ്തകങ്ങളിൽ ആഴത്തിൽ വിശകലനം ചെയ്യുന്ന അധ്യായങ്ങൾ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഉൾപ്പെടുത്തും, ന്യൂനപക്ഷവിഭാഗങ്ങളുടെ സാംസ്കാരിക സ്വത്വവും ചരിത്രപ്രാധാന്യവും ഭരണഘടനാപരമായ അവകാശങ്ങളും അക്കാദമിക ചർച്ചകൾക്ക് ശേഷം ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**